ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം ഇനിയും വിദ്യാർത്ഥികൾക്കു ലഭിച്ചിട്ടില്ലാത്ത പാഠപുസ്തകങ്ങൾ ഏതെല്ലാം; ഏതെല്ലാം ക്ലാസുകളിലെ;

(ബി) ഈ കാലതാമസത്തിനു കാരണം എന്തെന്നു വ്യക്തമാക്കുമോ ;

(സി) എന്നുമുതൽ പുസ്തകങ്ങൾ കൊടുക്കുവാൻ കഴിയും ;

(ഡി) പാഠപുസ്തകങ്ങളുടെ അച്ചടി ഏതെല്ലാം പ്രസുകളെയാണു ഏൽപ്പിച്ചിട്ടുള്ളത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) രണ്ടാം ക്ലാസിലെ (ഭാഷാപുസ്തകത്തിലെ രണ്ടാംഭാഗം) പത്താം ക്ലാസിലെ ഭാരത സംസ്കാരം 7-ാം ക്ലാസിലെയും 9-ാം ക്ലാസിലെയും തമിഴ് ഉപപാഠപുസ്തകങ്ങൾ എന്നിവ വിതരണം ചെയ്തിട്ടില്ല.

(ബി) രണ്ടാം ക്ലാസിലെയും 10-ാം ക്ലാസിലെയും പാഠപുസ്തകങ്ങൾ യഥാക്രമം നവംബർ മാസത്തിലും ഡിസംബർ മാസത്തിനും ശേഷവും പഠിപ്പിക്കേണ്ടതായിട്ടുള്ളവയാണ്. അതിനാൽ കാലതാമസം ഉണ്ടായിട്ടില്ല. 7-ാം ക്ലാസിലെയും 9-ാം ക്ലാസിലെയും തമിഴ് പാഠപുസ്തകങ്ങൾ തമിഴ്നാട് ടെക്സ്റ്റ് ബുക്ക് സൊസൈറ്റിയിൽ നിന്നും വാങ്ങുന്നവയാണ്. പ്രസ്തുത പുസ്തകങ്ങളുടെ പതിപ്പുകൾ ആവശ്യത്തിനു ഇല്ലാതിരുന്നതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) നവംബറിൽ പഠിപ്പിക്കേണ്ട പുസ്തകം മാസം അവസാനവും അർദ്ധ പരീക്ഷക്കുശേഷം പഠിക്കുവാനുള്ളത് ഡിസംബർമാസഅവസാനവും വിതരണം ചെയ്യാൻകഴിയും.

(ഡി) പുതിയ പാഠപുസ്തകങ്ങളുടെ അച്ചടി താഴെപ്പറയുന്ന പ്രസുകളെ ഏൽപ്പിക്കുകയുണ്ടായി.

1 ടെക്സ്റ്റ്ബുക്കു പ്രസ്, തൃക്കാക്കര,
2 കുമാർ പ്രിന്റേഴ്സ്, കൊല്ലം,
3 വിദ്യാരംഭം പ്രസ്, ആലപ്പുഴ,
4 വികടറി പ്രസ്, കുന്നം കുളം.

അംഗൻവാടി ജീവനക്കാർക്ക് നല്കുന്ന ഓണറേറിയം

* 26 [26] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ടി. കണാരൻ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. സി. ഡി. എസ്. ന്റെ കീഴിലുള്ള അംഗൻവാടികളിലെ ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ഓണറേറിയം എത്രരൂപ നിരക്കിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു വർദ്ധിപ്പിക്കുവാൻ കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെടുമോ ?

സഹകരണ വകുപ്പുമന്ത്രി : (ശ്രീമതി എം. കമലം) :

(എ) എസ്. എസ്. എൽ. സി. ക്കാരായ അംഗൻവാടി വർക്കർമാർക്ക് 250 രൂപയും എസ്. എസ്. എൽ. സി. പാസ്സായിട്ടില്ലാത്ത വർക്കർമാർക്ക് 200 രൂപയും ഹെൽപ്പർമാർക്ക് 90 രൂപയും പ്രതിമാസം ഓണറേറിയം നല്കിവരുന്നു.

(ബി) കേന്ദ്രഗവൺമെൻറ് അംഗനവാടി ജീവനക്കാരുടെ ഓണറേറിയം 1-7-1986 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് നല്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പണികൾ

* 27 [27] ശ്രീ. തോമസ് കല്ലംപള്ളി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ്ജ് :
,, സി. എഫ്. തോമസ് :
,, എം. വി. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പു പുതുതായി റോഡുപണികൾ ഏറ്റെടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഗതാഗതയോഗ്യമല്ലാതിരുന്ന റോഡുകളുടെ അറ്റകുറ്റപണികൾക്കുവേണ്ടി എന്തു തുക ചെലവഴിച്ചു ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഉണ്ട്.

(ബി) എം. എൽ. എ. റോഡുപണികൾ ഏറ്റെടുത്തു നടത്തുന്നതിനു പുറമെ അവശ്യം വേണ്ടതായ മറ്റു പണികളും ഏറ്റെടുത്തു നടത്തേണ്ടതായിവരും.

(സി) 52.72 കോടി രൂപ.

സഹകരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ്

* 28 [28] ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly